എ.വൈ.ആർ


സൂറ-10

## യൂനുസ്

فَكَذَّبُوهُ فَنَجَّيْنَٰهُ وَمَن مَّعَهُۥ فِى ٱلْفُلْكِ وَجَعَلْنَٰهُمْ خَلَٰٓئِفَ وَأَغْرَقْنَا
ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُنذَرِينَ ﴿٧٣﴾

**73** അപ്പോഴും അവരദ്ദേഹത്തെ തള്ളിപ്പറഞ്ഞു. അതിനാൽ നാം അദ്ദേഹത്തെയും കൂട്ടുകാരെയും കപ്പലിൽ രക്ഷപ്പെടുത്തി. അവരെ മാത്രം ഭൂമിയിൽ പ്രതിനിധികളാക്കുകയും നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞവരെയൊക്കെയും പ്രളയത്തിൽ മുക്കിയൊടുക്കുകയും ചെയ്തു. മുന്നറിയിപ്പ് ലഭിച്ചിട്ടും സത്യം സ്വീകരിക്കാൻ വിസമ്മതിച്ചവരുടെ അന്ത്യം എവ്വിധമായിരുന്നുവെന്നു ചിന്തിച്ചു നോക്കുക.

ثُمَّ بَعَثْنَا مِنۢ بَعْدِهِۦ رُسُلًا إِلَىٰ قَوْمِهِمْ فَجَآءُوهُم بِٱلْبَيِّنَٰتِ فَمَا
كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ بِهِۦ مِن قَبْلُ ۚ كَذَٰلِكَ نَطْبَعُ عَلَىٰ قُلُوبِ
ٱلْمُعْتَدِينَ ﴿٧٤﴾

**74** പിന്നീട് നൂഹിനുശേഷം നിരവധി പ്രവാചകന്മാരെ അവരുടെ സമുദായങ്ങളിലേക്കു നിയോഗിച്ചു. സുവ്യക്തമായ തെളിവുകളുമായി ആ പ്രവാചകന്മാർ ജനതകൾക്കിടയിൽ ചെന്നു. പക്ഷേ അവർ ആദ്യമേ നിഷേധിച്ച സത്യങ്ങൾ പിന്നീട് അംഗീകരിക്കുന്നവരായിരുന്നില്ല. പരിധി ലംഘിക്കുന്നവരുടെ മനസ്സുകളിൽ നാം ഇവ്വിധം ചാപ്പകുത്തുന്നു.

ثُمَّ بَعَثْنَا مِنۢ بَعْدِهِم مُّوسَىٰ وَهَٰرُونَ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ بِـَٔايَٰتِنَا
فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا مُّجْرِمِينَ ﴿٧٥﴾

**75** പിന്നെ അവർക്കുശേഷം മൂസായെയും ഹാറൂനെയും നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫറവോന്റെയും അയാളുടെ പ്രഭുക്കളുടെയും അടുക്കലേക്കയച്ചു. പക്ഷേ അവരും ഗർവിഷ്ഠരായി വർത്തിച്ചു. അവർ കുറ്റവാളികളായ ജനമായിരുന്നു.

فَلَمَّا جَآءَهُمُ ٱلْحَقُّ مِنْ عِندِنَا قَالُوٓا۟ إِنَّ هَـٰذَا لَسِحْرٌ مُّبِينٌ ﴿٧٦﴾

**76** നമ്മുടെ പക്കൽനിന്നുള്ള സത്യം മുന്നിലെത്തിയപ്പോൾ ഇതൊരു തെളിഞ്ഞ ആഭിചാരം തന്നെ എന്നത്രെ അവർ ഘോഷിച്ചത്.

അപ്പോൾ(ഴും) അവരദ്ദേഹത്തെ തള്ളിപ്പറഞ്ഞു =فَكَذَّبُوهُ

അതിനാൽ നാം അദ്ദേഹത്തെ രക്ഷപ്പെടുത്തി =فَنَجَّيْنَـٰهُ

കപ്പലിൽ =فِى ٱلْفُلْكِ അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും =وَمَن مَّعَهُۥ

പ്രതിനിധികൾ, പിൻഗാമികൾ =خَلَـٰٓئِفَ അവരെ (മാത്രം) നാം ആക്കി =وَجَعَلْنَـٰهُمْ

നാം (പ്രളയത്തിൽ)മുക്കി(യൊടുക്കി) =وَأَغْرَقْنَا

നമ്മുടെ സൂക്തങ്ങളെ (ദൃഷ്ടാന്തങ്ങളെ) തള്ളിപ്പറഞ്ഞവരെ =ٱلَّـذِينَ كَذَّبُـوا۟ بِـَٔايَـٰتِنَـا

എവ്വിധമായിരുന്നുവെന്ന് =كَـيْفَ كَـانَ (ചിന്തിച്ചു) നോക്കുക =فَـٱنظُرْ

അന്ത്യം, പരിണതി =عَـٰقِبَـةُ

മുന്നറിയിപ്പ് നൽകപ്പെട്ട(പ്പു ലഭിച്ചിട്ടും സത്യം സ്വീകരിക്കാൻ വിസമ്മതിച്ച)വരുടെ =ٱلْمُنـذَرِينَ

അദ്ദേഹത്തി(നൂഹ്)നുശേഷം =مِـنۢ بَعْـدِهِۦ നാം നിയോഗിച്ചു =بَعَثْنَـا പിന്നീട് =ثُـمَّ

അവരുടെ സമുദായങ്ങളിലേക്ക് =إِلَـىٰ قَـوْمِهِمْ (നിരവധി)പ്രവാചകന്മാരെ =رُسُـلًا

അവർ(ആ പ്രവാചകന്മാർ ജനങ്ങൾക്കിടയിൽ) അവരിൽ ചെന്നു =فَجَـآءُوهُم

(സുവ്യക്തമായ) തെളിവുകളുമായി =بِـٱلْبَيِّنَـٰتِ

പക്ഷേ അവർ വിശ്വസിക്കു(അംഗീകരിക്കു)ന്നവരായിരുന്നില്ല =فَمَا كَانُوا۟ لِيُؤْمِنُـوا۟

അവർ തള്ളിപ്പറഞ്ഞതിനെ(നിഷേധിച്ച സത്യങ്ങളെ) =بِمَـا كَذَّبُـوا۟ بِـهِۦ

ഇവ്വിധം =كَـذَٰلِكَ നേരത്തെ =مِن قَبْلُ

പരിധിലംഘിക്കുന്നവരുടെ മനസ്സുകളെ =عَلَـىٰ قُلُـوبِ ٱلْمُعْتَـدِينَ നാം ചാപ്പകുത്തുന്നു =نَطْبَـعُ

അവർക്കുശേഷം =مِنۢ بَعْـدِهِم നാം നിയോഗിച്ചു =بَعَثْنَا പിന്നെ =ثُـمَّ

ഫറവോനിലേക്ക് =إِلَـىٰ فِرْعَـوْنَ മൂസായെയും ഹാറൂനെയും =مُّوسَـىٰ وَهَـٰـرُونَ

അയാളുടെ പ്രഭൃതികളിലേക്കും (പ്രമാണിമാരിലേക്കും) =وَمَلَإِيْـهِۦ

നമ്മുടെ ദൃഷ്ടാന്തങ്ങളുമായി =بِـَٔايَـٰتِنَا

അവർ ആയിരുന്നു =وَكَـانُوا۟ അപ്പോൾ അവരും ഗർവിഷ്ഠരായി(വർത്തിച്ചു) =فَٱسْـتَكْبَرُوا۟

قَوْمًا مُّجْرِمِينَ= കുറ്റവാളികളായ ജനം

فَلَمَّا جَآءَهُمُ= (മുന്നിൽ എത്തിയപ്പോൾ) അവർക്കു വന്നപ്പോൾ ٱلْحَقُّ= സത്യം

مِنْ عِندِنَا= നമ്മുടെ പക്കൽനിന്നുള്ള

قَالُوٓاْ= (ഘോഷിച്ചത്) അവർ പറഞ്ഞു إِنَّ هَٰذَا= തീർച്ചയായും ഇത്

لَسِحْرٌ= (എന്നത്രെ) ഒരു ആഭിചാരം തന്നെ مُّبِينٌ= തെളിഞ്ഞ

**73:** നൂഹ് നബിയുടെ മേൽപറഞ്ഞ അന്തിമോപദേശവും ആ ജനത തള്ളിക്കളയുകയാണ് ചെയ്തത്. അതോടെ ഉന്മൂല നാശത്തിന്റെ എല്ലാ ന്യായങ്ങളും അവരിൽ പൂർത്തിയാവുകയായിരുന്നു. തുടർന്ന് അല്ലാഹു നൂഹ് നബിയെയും അദ്ദേഹത്തിൽ വിശ്വസിച്ച സജ്ജനങ്ങളെയും ആ ജനതയിൽനിന്ന് രക്ഷപ്പെടുത്തി. ദുഷ്ട ജനങ്ങളെ ഒന്നടങ്കം പ്രളയത്തിൽ മുക്കി നശിപ്പിക്കുകയും ചെയ്തു. ഒരു കപ്പലിലാണ് നൂഹും (അ) കൂട്ടരും രക്ഷപ്പെട്ടത്. ഈ കപ്പൽ അല്ലാഹുവിന്റെ നിർദേശപ്രകാരം നേരത്തേ നിർമിച്ചുവെച്ചതായിരുന്നു. അതേപ്പറ്റി സൂറ *അൽമുഅ്മിനൂൻ* 27,28 സൂക്തങ്ങളിൽ പ്രസ്താവിക്കുന്നു:

فَأَوْحَيْنَآ إِلَيْهِ أَنِ ٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا فَإِذَا جَآءَ أَمْرُنَا وَفَارَ
ٱلتَّنُّورُ ۙ فَٱسْلُكْ فِيهَا مِن كُلٍّ زَوْجَيْنِ ٱثْنَيْنِ وَأَهْلَكَ إِلَّا مَن سَبَقَ عَلَيْهِ
ٱلْقَوْلُ مِنْهُمْ ۖ وَلَا تُخَٰطِبْنِى فِى ٱلَّذِينَ ظَلَمُوٓاْ ۖ إِنَّهُم مُّغْرَقُونَ ﴿٢٧﴾ فَإِذَا
ٱسْتَوَيْتَ أَنتَ وَمَن مَّعَكَ عَلَى ٱلْفُلْكِ فَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى نَجَّىٰنَا
مِنَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٢٨﴾

(നാം അദ്ദേഹത്തിനു ദിവ്യസന്ദേശം നൽകി; നമ്മുടെ മേൽനോട്ടത്തിലും ബോധനമനുസരിച്ചും ഒരു കപ്പൽ നിർമിക്കുക! എന്നിട്ട് നമ്മുടെ കൽപനയെത്തുകയും അടുപ്പിൽ ഉറവ പൊട്ടുകയും ചെയ്യുമ്പോൾ സകലതരം ജന്തുക്കളിൽനിന്നും ഓരോ ജോഡിയെയും കൂട്ടി അതിൽ കയറുക. നിന്റെ ബന്ധുമിത്രാദികളെയും കൂടെ കൂട്ടിക്കൊള്ളുക; നേരത്തേ എന്റെ വിധിക്ക് അർഹരായി കഴിഞ്ഞവരൊഴിച്ച്. എന്നാൽ ധർമധിക്കാരികളുടെ കാര്യത്തിൽ നീ എന്നോട് സംസാരിക്കരുത്. അവരിതാ പ്രളയത്തിൽ മുങ്ങിയൊടുങ്ങാൻ പോവുകയാണ്. നീ സഹയാത്രികരോടൊപ്പം കപ്പലിൽ കയറിക്കഴിഞ്ഞാൽ പ്രാർഥിക്കുക: അക്രമികളായ ജനത്തിൽനിന്ന് നമ്മെ രക്ഷിച്ചവനായ അല്ലാഹുവിന് സ്തുതി!).

ഈ സൂക്തത്തിൽ ദുഷ്ട ജനതത്തിന്റെ വിനാശത്തിനു മുമ്പ് നൂഹിന്റെ(അ)യും ശിഷ്യന്മാരുടെയും രക്ഷപ്പെടൽ പരാമർശിച്ചതിൽനിന്ന് വ്യക്തമാകുന്നതിതാണ്: അല്ലാഹു ഒരു ജനതയെ ഉന്മൂലനം ചെയ്യാൻ തീരുമാനിച്ചാൽ അത് നടപ്പിലാകുന്നതിന് മുമ്പേ ആ സമുദായത്തിലെ സജ്ജനങ്ങളുടെ സുരക്ഷക്ക് വേണ്ട ഏർപ്പാടുകൾ ചെയ്തുവെക്കുന്നു.

നൂഹ് നബിയുടെ കാലത്തെ ഈ പ്രളയത്തിനു ശേഷം അവർ മാത്രമായി ഭൂമിയിലെ മനുഷ്യർ. خلائف فى الأرض എന്നാണ് മൂലപദങ്ങൾ. خليفة യുടെ ബഹുവചനമാണ്

خلائف. പ്രതിനിധികൾ എന്നും പിൻഗാമികൾ എന്നും അർഥമുണ്ട്. ഒന്നാമത്തെ അർഥ പ്രകാരം, ഭൂമിയെ സംസ്കരിക്കാൻ അല്ലാഹു നിയോഗിച്ച പ്രതിനിധികൾ അന്ന് നൂഹിന്റെ കപ്പലിൽ കയറി രക്ഷപ്പെട്ടവർ മാത്രമായിത്തീർന്നു എന്നാണ് താൽപര്യം. രണ്ടാമത്തെ അർഥ പ്രകാരം ആദമിന്റെ പിൻഗാമികളായി ഭൂമുഖത്ത് അവശേഷിച്ചത് അവർ മാത്രമാണെന്നും. ലോകത്തുള്ള മറ്റു ജനതകളെല്ലാം ആ മഹാ പ്രളയത്തിൽ നശിച്ചുപോയി. രണ്ടർഥവും സന്ദർഭവുമായി യോജിക്കുന്നതാണ്.

فَانظُرْ كَيْفَ كَانَ عَـٰقِبَةُ ٱلْمُنذَرِينَ എന്ന വാക്യത്തിലൂടെ നൂഹ് നബിയുടെ സംഭവം അനുസ്മരിച്ചതിന്റെ ലക്ഷ്യം ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. താൽപര്യമിതാണ്: ന്യായങ്ങളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞ ശേഷം നൂഹിന്റെ ജനത നേരിട്ട പര്യവസാനം എന്തായിരുന്നുവോ അതുതന്നെയാണ് മുഹമ്മദീയ പ്രവാചകത്വത്തെ നിഷേധിക്കുന്ന ഖുറൈശികളെയും കാത്തിരിക്കുന്നത്; മുഹമ്മദീയ പ്രവാചകത്വത്തോടും ദൈവിക ധർമത്തോടുമുള്ള നിഷേധത്തിൽ അവർ ഇനിയും ഉറച്ചു നിൽക്കുകയാണെങ്കിൽ.

**74:** നൂഹ് നബിയുടെ പ്രബോധനത്തിന്റെ അവസാനഘട്ടത്തിൽ ദുഷ്ടജനത്തെ മുഴുവൻ നിഗ്രഹിക്കുകയും അദ്ദേഹത്തിൽ വിശ്വസിച്ച ശിഷ്ടജനത്തെമാത്രം ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളായി അവശേഷിപ്പിക്കുകയും ചെയ്തു. കാലാന്തരത്തിൽ ഈ സമൂഹത്തിന്റെ പിൻഗാമികളിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കടന്നുകൂടി. അപ്പോൾ അവരെ നേർവഴിക്കു നയിക്കാൻ അല്ലാഹു പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നു. ഇവിടെ ഉദ്ദേശിക്കുന്നത് മൂസാ നബിക്കു മുമ്പു വന്ന പ്രവാചകന്മാരാണെന്ന്, അടുത്ത സൂക്തത്തിൽ 'അവർക്കു ശേഷം മൂസായെയും ഹാറൂനെയും നിയോഗിച്ചു' എന്നു പ്രസ്താവിക്കുന്നതിൽനിന്നു വ്യക്തമാകുന്നു. ഹൂദ്, സ്വാലിഹ്, ശുഐബ്, ഇബ്റാഹീം, ലൂത്ത് തുടങ്ങിയവരൊക്കെ മൂസാനബിക്കു മുമ്പ് ആഗതരായവരിൽ പെടുന്നു. ഇങ്ങനെ നിയുക്തരായ പ്രവാചകന്മാരിൽ ചിലരെ അവരുടെ ജനതകൾ ഒട്ടും അംഗീകരിക്കാൻ കൂട്ടാക്കാതെ തങ്ങളുടെ അന്ധവിശ്വാസങ്ങളിലും അധാർമികമായ ആചാരങ്ങളിലും ശഠിച്ചു നിന്നു. അത്തരം ജനങ്ങൾ നൂഹ് നബിയുടെ ജനത നേരിട്ട അതേ സമ്പൂർണ നാശത്തെ നേരിടുകയും ചെയ്തു. സ്വാലിഹ് നബിയുടെ സമുദായവും ലൂത്ത് നബിയുടെ സമുദായവും അതിന് ഉദാഹരണങ്ങളാണ്. ദൗത്യനിർവഹണത്തിൽ വീഴ്ചവരുത്തിയതുകൊണ്ടോ അവർ പ്രബോധനം ചെയ്ത സന്ദേശം ജനങ്ങൾക്ക് ബോധ്യമാകാത്തതുകൊണ്ടോ ആയിരുന്നില്ല പ്രവാചകന്മാർ നിഷേധിക്കപ്പെട്ടത്. തങ്ങളുടെ നിയോഗത്തിന്റെയും സന്ദേശത്തിന്റെയും യാഥാർഥ്യം നിസ്സന്ദേഹം വ്യക്തമാക്കുന്ന സുവ്യക്തമായ തെളിവുകളോടുകൂടിത്തന്നെയാണ് അവർ ജനങ്ങളെ സമീപിച്ചത്. പക്ഷേ ആ തെളിവുകളൊന്നും ബുദ്ധിപൂർവം പരിശോധിക്കാനോ ഉൾക്കൊള്ളാനോ ജനം തയാറായിരുന്നില്ല. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുപൂണ്ടുപോവുകയും, ആ മിഥ്യകളെ തങ്ങളുടെ മഹത്തായ പൈതൃകവും ദേശീയസ്വത്വവുമൊക്കെയായി ഭ്രമിക്കുകയും ചെയ്തവരുടെ സാധാരണ സ്വഭാവത്തിൽ പെട്ടതല്ല, പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന സത്യസന്ദേശങ്ങളിൽ അത്രയെളുപ്പം വിശ്വസിക്കുക എന്നതാണ് യഥാർഥ കാരണം. فَمَا كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ بِهِۦ مِن قَبْلُ (അവർ നേരത്തെ നിഷേധിച്ചതിനെ അംഗീകരിക്കുന്നവരായിരുന്നില്ല) എന്നാണ് മൂലവാക്യം. ജനങ്ങൾ പൂർവ പ്രവാചകന്മാർ പ്രബോധനം ചെയ്ത സത്യധർമങ്ങളെ നിഷേധിക്കുന്ന വിശ്വാസങ്ങളും ആചാരങ്ങളും സ്വീകരിക്കുമ്പോഴാണ് അവരിൽ പുതിയ പ്രവാചകന്മാർ ആഗതരാകുന്നത്. പുതിയ പ്രവാചക

ന്മാർ വന്ന് വിളിച്ചാലും നേരത്തെ നിഷേധിച്ച സത്യങ്ങളിലേക്ക് തിരിച്ചുവരാൻ അധിക ജനവും എളുപ്പം സന്നദ്ധരാവില്ല. ഇവിടെ 'നേരത്തെ നിഷേധിച്ചത്' കൊണ്ടുദ്ദേശ്യം നൂഹ് നബിയുടെ സന്ദേശമാകാം, അദ്ദേഹത്തിനു ശേഷം സമകാലീന പ്രവാചകനു മുമ്പ് ആഗതരായ പ്രവാചകന്മാരുടെ സന്ദേശവുമാകാം. പുതിയ പ്രവാചകന്റെ തന്നെ ആദ്യഘട്ടത്തിലുള്ള പ്രബോധനത്തെയുമാകാം. നേരത്തെ നൂഹ് നബിയുടെ ജനത നിഷേധിച്ച സത്യസന്ദേശങ്ങളെ എന്നും ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്.

ഒരു വസ്തുവിന്മേൽ മുദ്രപതിച്ചു എന്നാണ് طبع عليه എന്നതിന്റെ ഭാഷാർഥം. طبعയുടെ ഉത്തമപുരുഷ വർത്തമാന ക്രിയാപദമാണ് نطْبع. ഖുർആൻ طَبَعَ عَلَىٰ قُلُوبِهِمْ (അവരുടെ ഹൃദയങ്ങളിന്മേൽ മുദ്രവെച്ചു) എന്നു ഉപയോഗിക്കാറുള്ളത് അടച്ചുപൂട്ടി സീൽചെയ്തു എന്ന അർഥത്തിലാണ്. അടച്ചുപൂട്ടി സീൽ ചെയ്തതിലുള്ളതൊന്നും പുറത്തുപോവുകയോ പുറത്തുനിന്നൊന്നും അതിനകത്തേക്കു കടക്കുകയോ ഇല്ലല്ലോ. അതുപോലെയാണ് ബുദ്ധിയും വിവേചന ശക്തിയും ഉപയോഗിക്കാത്ത മനുഷ്യമനസ്സുകളും. അതിലുള്ള അന്ധവിശ്വാസങ്ങളും തെറ്റിദ്ധാരണകളുമൊന്നും പുറത്തേക്കുപോവുകയില്ല; പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന സത്യങ്ങളൊന്നും അതിനകത്തേക്കു കടക്കുകയുമില്ല. മനുഷ്യമനസ്സുകളെ അല്ലാഹു അടച്ചുപൂട്ടുന്നു എന്നു പറയുന്നതിന്റെ താൽപര്യം, അസത്യത്തിലും അധർമത്തിലും ശഠിച്ചു നിൽക്കുന്നവരെ ആ മാർഗത്തിൽതന്നെ മുന്നേറാൻ അല്ലാഹു അനുവദിക്കുന്നുവെന്നും അത്തരക്കാരെക്കൊണ്ട് അവൻ ബലാൽകാരം സത്യം സ്വീകരിപ്പിക്കുകയില്ലെന്നുമാണെന്നും നേരത്തെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ 'അവ്വിധം' -كَذَٰلِكَ- എന്ന വാക്ക് സൂചിപ്പിക്കുന്നത്, തൊട്ടുമുമ്പ് പറഞ്ഞ ജനത്തിന്റെ നേരത്തെ നിഷേധിച്ചതിനെ പിന്നീട് വിശ്വസിക്കാതിരിക്കുക എന്ന പൊതു സ്വഭാവത്തെയാവാം. ഹൂദ്, സ്വാലിഹ്, ലൂത്ത് തുടങ്ങിയ പ്രവാചകന്മാരുടെ സമുദായങ്ങളെല്ലാം സത്യപ്രബോധനത്തിനുനേരെ ഹൃദയം അടച്ചുപൂട്ടപ്പെട്ടവരും അക്കാരണത്താൽ തന്നെ നശിപ്പിക്കപ്പെട്ടവരുമാണല്ലോ. ഈ അന്ത്യപ്രവാചകനെ അതിരു കവിഞ്ഞുനിഷേധിക്കുന്നവരുടെ മനസ്സുകളും അല്ലാഹു അതേപ്രകാരം അടച്ചുപൂട്ടും എന്ന് ഖുറൈശികൾക്ക് ശക്തമായ താക്കീതും ഇതിലുണ്ട്. എല്ലാ പരിധിയും ലംഘിച്ചുകൊണ്ടു സത്യനിഷേധം അനുവർത്തിക്കുന്നവർ അഥവാ വീണ്ടെടുപ്പ് അസാധ്യമാംവണ്ണം അസത്യത്തിലും അധർമത്തിലും ആണ്ടുപോയവർ -مُعْتَدِينَ- ആയിക്കഴിഞ്ഞാൽ പിന്നെ പൂർവ സമുദായങ്ങൾക്കു നേരിട്ട സമ്പൂർണനാശമല്ലാതെ മറ്റൊന്നും നിങ്ങൾക്കും പ്രതീക്ഷിക്കാനില്ല.

**75,76:** മുകളിൽ സൂചിപ്പിക്കപ്പെട്ട പ്രവാചകന്മാരുടെ കാലശേഷം അല്ലാഹു മൂസാ നബിയെയും അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂൻ നബിയെയും പ്രവാചകന്മാരായി നിയോഗിച്ചു. ഈജിപ്തിലെ ഫറവോൻ രാജാവിനെയും അയാളുടെ നാട്ടുപ്രമാണിമാരെയും പ്രബോധനം ചെയ്യാനാണ് അവർ കൽപിക്കപ്പെട്ടത്. നാട്ടു മുഖ്യന്മാർ, പ്രഭുക്കൾ എന്ന അർഥത്തിൽ ملأ എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. മറ്റുള്ളവരുടെ ശ്രദ്ധയും ആദരവും ആകർഷിക്കുന്ന എല്ലാവരെയും ملأ എന്നുപറയാം. അധികാര മണ്ഡലത്തിലെ ഉന്നതന്മാർ, വരേണ്യവിഭാഗം, പ്രഭുക്കൾ തുടങ്ങിയ അർഥങ്ങളിലാണ് സാധാരണ ഉപയോഗം. നിറവ്, നിറക്കൽ എന്നാണ് ملأ ന്റെ ഭാഷാർഥം. വരേണ്യരുടെയും പ്രഭുക്കന്മാരുടെയും ദൃശ്യം ആളുകളുടെ കണ്ണുകളെ അതിൽ മറ്റൊന്നിനും സ്ഥലമില്ലാത്തവിധം നിറക്കുന്നു എന്ന സങ്കൽപത്തെ ആധാരമാക്കിയാണ് അവരെ ملأ എന്നു വിളിക്കുന്നത്. രാജ്യവിചാരത്തിൽ ഫറവോന്റെ പാർശ്വവർത്തികളും സഹായികളുമായിരുന്ന പ്രഭുക്കളും രാജസഭാവാസികളും ജോത്സ്യന്മാരും പടത്തലവന്മാരുമൊക്കെയാണ്

ഫറവോന്റെ ملاء കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

മൂസായും ഹാറൂനും ആഗതരായത് അല്ലാഹുവിങ്കൽ നിന്നുള്ള ദൃഷ്ടാന്തങ്ങളും –بِـَٔايَـٰتِنَا– കൊണ്ടാണ്. അല്ലാഹുവിന്റെ അസ്തിത്വത്തെയും ഏകത്വത്തെയും പരലോകത്തെയും സാക്ഷ്യപ്പെടുത്തുന്ന അത്ഭുതസിദ്ധികളെയും പ്രാപഞ്ചിക പ്രതിഭാസങ്ങളെയും അല്ലാഹുവിങ്കൽ നിന്ന് അരുളപ്പെട്ട വചനങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് آية. ഇതിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളാകുന്ന ദൃഷ്ടാന്തങ്ങൾ എന്നും എവിടെയും ദൃശ്യമാകുന്നതാണ്. പ്രവാചകന്മാരുടെ സത്യസന്ധതയെ സംശയിക്കുന്നവരെയും ചോദ്യം ചെയ്യുന്നവരെയും ബോധ്യപ്പെടുത്തുന്ന തെളിവുകൾ എന്ന നിലയിൽ അല്ലാഹുവിന്റെ പ്രത്യേകാനുമതിയാൽ അവൻ പ്രത്യക്ഷപ്പെടുത്തുന്നതാണ് ദിവ്യാത്ഭുത സിദ്ധികൾ. മിക്ക പ്രവാചകന്മാരും ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികമായി ഇതിനെ 'മുഅ്ജിസത്' എന്ന് പറയുന്നു. ഈ രണ്ടുതരത്തിലും പെട്ട ദൃഷ്ടാന്തങ്ങളെക്കുറിച്ചാണ് മുൻ സൂക്തത്തിൽ بَيِّنَـٰتِ(തെളിവുകൾ) എന്നു പറഞ്ഞത്. മുർസലുകളായ പ്രവാചകന്മാർക്കുമാത്രമായി അല്ലാഹു അവതരിപ്പിച്ചുകൊടുത്ത വേദഗ്രന്ഥമാണ് അല്ലാഹുവിങ്കൽ നിന്നരുളപ്പെട്ട വചനം എന്ന അർഥത്തിലുള്ള آيات. മൂസാ(അ) പ്രവാചകനും മുർസലും ആയിരുന്നു. മൂന്നുതരത്തിലുള്ള آيات ഉം അദ്ദേഹത്തിന് ലഭിച്ചിരുന്നു. മൂസാനബി കൊണ്ടുവന്ന ദൈവിക സൂക്തങ്ങൾ ആണ് തൗറാത്ത്(തോറ) എന്ന വേദഗ്രന്ഥം. നിലത്തിട്ടാൽ പാമ്പിനെപോലെ പുളയുന്ന വടിയായിരുന്നു മൂസാനബിയുടെ പ്രധാന ദിവ്യാത്ഭുതം. വരൾച്ച, ക്ഷാമം, മനുഷ്യവിഭവ ദൗർലഭ്യം, വിളനാശം, പ്രളയം, വെട്ടുകിളി, പേൻ, തവള, ചോര തുടങ്ങിയ വേറെയും ദിവ്യാത്ഭുതങ്ങൾ അദ്ദേഹം പ്രത്യക്ഷപ്പെടുത്തുകയുണ്ടായി. *അൽഅഅ്റാഫ്* 133-ാം സൂക്തം അതെപ്പറ്റി പരാമർശിക്കുന്നുണ്ട്. അവ ഫറവോൻ സമൂഹത്തിന് വലിയ പീഡനങ്ങളും പരീക്ഷണങ്ങളുമായിരുന്നു. പക്ഷേ അതുകൊണ്ടൊന്നും അവർ മൂസായെയും ഹാറൂനെയും അംഗീകരിക്കാൻ കൂട്ടാക്കിയില്ല.

പൗരാണിക ചരിത്രത്തിൽ പുകൾപെറ്റ രാജ്യമാണ് ഈജിപ്ത്. അതിപുരാതനമായ നാഗരികതക്കവകാശികൾ. ലോകത്തിലെ ഏറ്റവും വിശിഷ്ടരും പ്രബലരുമെന്ന് സ്വയം അഹങ്കരിച്ചിരുന്നവരാണ് ആ കാലത്തെ കോപ്റ്റിക് ജനത. താൻതന്നെ ദൈവമാണെന്നായിരുന്നു അവരുടെ രാജാവായ ഫറവോന്റെ ഭാവം. ഈ ഗർവും ഔദ്ധത്യവുമാണ് അവരെ പ്രവാചക സന്ദേശം തള്ളിക്കളയാൻ ധൃഷ്ടരാക്കിയത്. മൂസായും ഹാറൂനും തങ്ങൾ അടിമകളായി കരുതുന്ന ഇസ്റാഈല്യർ. അവർ ആവശ്യപ്പെടുന്നതോ തങ്ങൾക്കപരിചിതമായ ഒരു ദൈവത്തിൽ വിശ്വസിക്കാനും അവന്റെ ദാസന്മാരായിരിക്കാനും തങ്ങളുടെ പൂർവിക സമ്പ്രദായങ്ങൾക്ക് വിരുദ്ധമായ ധർമങ്ങളും ആചാരാനുഷ്ഠാനങ്ങളും സ്വീകരിക്കാനും. അവരുടെ അഹന്തക്ക് ആലോചിക്കാനേ കഴിയാത്ത കാര്യങ്ങളാണിതൊക്കെ. ഫറവോൻ ജനത അഹങ്കാരികൾ മാത്രമായിരുന്നില്ല കൊടും പാതകികളുമായിരുന്നു –وَكَانُوا۟ قَوْمًا مُّجْرِمِينَ. ശിക്ഷാർഹമായ കുറ്റം ചെയ്യുന്നവൻ, ക്രിമിനൽ എന്ന അർഥത്തിലുള്ള مجرمന്റെ ബഹുവചനമാണ് مجرمون. കൊടും പാതകങ്ങളെ ഒരുവിഭാഗം തങ്ങളുടെ ധർമമായി കാണുമ്പോൾ അവർ കൊടും പാതകികളായ ജനം –قَوْمًا مُّجْرِمِينَ– ആകുന്നു. ചരിത്രത്തിൽ തുല്യതയില്ലാത്ത കൊടും പാതകമാണ് ഫറവോനികൾ ഈജിപ്തിലെ ഇസ്രാഈല്യരോട് ചെയ്തിരുന്നത്. അവരെ അടിമകളാക്കി കഠിനാധ്വാനം ചെയ്യിച്ച് കാലികളെക്കാൾ കഷ്ടപ്പെടുത്തി. അവർക്കിടയിൽ പിറക്കുന്ന ആൺകുട്ടികളെ നിരന്തരം കൊന്നൊടുക്കി. അവരുടെ ഭോഗവസ്തുക്കളെന്ന നിലയിൽ സ്ത്രീകളെ മാത്രം ജീവിക്കാനനുവദിച്ചു. ഫറവോൻ മൂസാ(അ)

യെയും കൊല്ലാനൊരുമ്പെട്ടു. മൂസായുടെ പ്രവാചകത്വത്തിന്റെ ദൃഷ്ടാന്തങ്ങളായി പീഡനങ്ങൾ വരുമ്പോഴൊക്കെ ദൈവത്തോട് പ്രാർഥിച്ച് ആ പീഡ അകറ്റിത്തരേണമെന്ന് അവർ മൂസായോട് അപേക്ഷിച്ചു. അതുപ്രകാരം മൂസാ പ്രാർഥിക്കുകയും ദുരിതമകന്നുപോവുകയും ചെയ്യുമ്പോഴൊക്കെ അവർ വാക്ക് ലംഘിക്കുകയും പൂർവോപരി അഹങ്കാരികളും ധിക്കാരികളുമായി വർത്തിക്കുകയും ചെയ്തു. ഈദൃശ നടപടികളിലൊന്നും അവർക്ക് ഒട്ടും മനസ്സാക്ഷിക്കുത്തുണ്ടായിരുന്നില്ല. എന്നല്ല അതൊക്കെയും തങ്ങൾക്കുചേർന്ന ധർമമാണെന്നായിരുന്നു അവരുടെ ഭാവം. അതുകൊണ്ടാണവരെ ക്രിമിനൽ സമൂഹം -قَوْمًا مُّجْرِمِينَ- എന്നു വിശേഷിപ്പിച്ചത്.

അല്ലാഹുവിങ്കൽനിന്നുള്ള സത്യസന്ദേശം മൂസാ(അ) മുഖേന അവരുടെ മുന്നിൽ അവതരിപ്പിച്ചപ്പോൾ അതു സ്വീകരിച്ചില്ലെന്നു മാത്രമല്ല അതിന്റെ യാഥാർഥ്യത്തെക്കുറിച്ചു ചിന്തിക്കാനേ അവർ തയാറായില്ല. മൂസാ(അ) അവതരിപ്പിച്ച ദിവ്യാത്ഭുതങ്ങളെ കേവലം ആഭിചാര വിദ്യകൾ എന്ന് ഘോഷിച്ച് തള്ളിക്കളയുകയായിരുന്നു അവർ. لَسِحْرٌ مُّبِينٌ 'തെളിഞ്ഞ ആഭിചാരം' എന്നാണ് മൂലവാക്ക്. ആഭിചാരകർമം എന്നതിലപ്പുറം മറ്റെന്തെങ്കിലുമാണോ എന്ന് സംശയിക്കാൻ പഴുതില്ലാത്തത്ര സുവ്യക്തമായ ആഭിചാരം എന്നാണ് ആശയം. ■